# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7295** **16.07.2012 ൽ മറുപടിക്ക്**

## സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുത്തി കേന്ദ്രറോഡ് ശൃംഖല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ. വാഹീദ്:<br>ശ്രീ. ആർ. സെൽവരാജ്:<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:<br>ശ്രീ. അൻവർ സാദത്ത്: | **ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(പൊതുമരാമത്ത് വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന പാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുത്തി കേന്ദ്ര റോഡ് ശൃംഖലയ്ക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) സംസ്ഥാന സർക്കാരിന്റെ റോഡ് വികസനനയത്തിൽ, സംസ്ഥാനപാതകളും പ്രധാന ജില്ലാ റോഡുകളും ഉൾപ്പെടുത്തി ഒരു കേന്ദ്രീ-കൃത റോഡ് ശൃംഖല (Core Road Network) സംസ്ഥാനത്ത് രൂപീകരിക്കാൻ വിഭാവനം ചെയ്യുന്നു. KSTP മുഖേന 2002 ൽ ഇത്തരം ഒരു പഠനം നടത്തി സംസ്ഥാനത്തെ 6000 കി.മീ. റോഡുകൾ തെരഞ്ഞെടുത്തിരുന്നു. സംസ്ഥാനത്ത് ഇപ്പോഴുള്ള സാഹചര്യം കണക്കിലെടുത്ത് റോഡുകളിലെ വാഹന സാന്ദ്രത, പ്രധാനപ്പെട്ട നഗരങ്ങളു-മായുള്ള ബന്ധം, ടൂറിസ്റ്റ് കേന്ദ്രങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ, തുറമുഖങ്ങൾ, വിമാനത്താവളങ്ങൾ, |

സംസ്ഥാനാന്തര കണക്ടി - വിറ്റി, കാർഷിക ഉല്പാദന വിപണന കേന്ദ്രങ്ങൾ എന്നിവയ്ക്ക് വെയിറ്റേജ് നൽകിയാണ് ഈ നെറ്റ് വർക്ക് ഉണ്ടാക്കുന്നത്.

| | | | |
|---|---|---|---|
| (ബി) | ഇതു കൊണ്ടുള്ള നേട്ടങ്ങളും ഉദ്ദേശ്യലക്ഷ്യങ്ങളും എന്തൊക്കെയാണ്; വിശദമാക്കുമോ; | (ബി) | മേൽപ്പറഞ്ഞ റോഡ് ശൃംഖല യാഥാർത്ഥ്യമാകുന്നതോടെ ഉൾപ്രദേശങ്ങളിൽ വസിക്കുന്ന വർക്ക് 10-15 കി.മീ യാത്ര ചെയ്താൽ ഉന്നത നിലവാരത്തിലുള്ള പ്രധാന റോഡുകളിൽ എത്തിച്ചേരാനാകും. ഇത്തരം ശൃംഖല, സമൂഹത്തിൽ സാമ്പത്തികമായും സാമൂഹികവുമായ സന്തുലിതാവസ്ഥ ഉണ്ടാക്കും. |
| (സി) | ഏതെല്ലാം മേഖലകളുടെ പങ്കാളിത്തത്തോടെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്? | (സി) | സംസ്ഥാന ബജറ്റ് വിഹിതം, എ.ഡി.ബി, ലോകബാങ്ക്, നബാർഡ് എന്നിവകളിൽ നിന്നും ലഭിക്കുന്ന വായ്പകൾ, പി.പി.പി രീതി എന്നിവ വഴിയാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ